**സ്മാരകങ്ങളും കരകൗശലവസ്തുക്കളും സംരക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഉപകരണങ്ങളും എന്ന വിഷയത്തില് അസെം ശില്പശാല , ന്യൂഡെല്ഹി ,(ഫെബ്രുവരി 6-7, 2017)**

ഫെബ്രുവരി 07, 2017

കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഇൻടാക്കും ചേർന്ന് സ്മാരകങ്ങളും കരകൗശലവസ്തുക്കളും സംരക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഉപകരണങ്ങളും എന്ന വിഷയത്തില് അസെം ശിൽപശാല , ന്യൂഡെൽഹിയില് ഫെബ്രുവരി 6-7, 2017 ല് സംഘടിപ്പിച്ചു.

ഏഷ്യക്കും യൂറോപ്പിനുമിടയില് - ഈ ഗ്രഹത്തിലെ വളരെ പഴയതും അത്യധികം ഊർജ്ജസ്വലവുമായ രണ്ടു ഭൂഖണ്ഡങ്ങൾക്കിടയിലെ സംഭാഷണം, സഹകരണം എന്നിവയ്ക്കായുള്ള അതിവിശിഷ്ടമായ ഒരു വേദിയാണ്, ഏഷ്യാ യൂറോപ്പ് സമ്മേളനം - അസെം (Asia Europe Meeting-ASEM) . പ്രത്യേകിച്ചും പുതിയ വെല്ലുവിളികള് , ആധുനിക യുഗത്തിലെ വളരെയധികം ആവേശമുണർത്തുന്ന അവസരങ്ങള് എന്നിവയുടെ പശ്ചാത്തലത്തില് അവരുടെ അത്യധികം വൈവിദ്ധ്യമുള്ള ബന്ധങ്ങള്, കൂടുതല് ശക്തിപ്പെടുത്തി വിശ്വജനീനമായ പ്രയോജനങ്ങള് ഇരു ഭൂഖണ്ഡങ്ങൾക്കും ഉണ്ടാക്കുവാന് സാധിക്കണം എന്ന പരസ്പര ധാരണയില് നിന്നുമാണ് ഈ ഒത്തുചേരല് ഉണ്ടായത്

ഏഷ്യയില് നിന്നും യൂറോപ്പില് നിന്നുമായി , മെഡിക്കല് പ്രാക്ടീഷണർമാര് , നയ നിർമാതാക്കള്, മ്യൂസിയോളജിസ്റ്റുകള്, കൺസർവേഷനിസ്റ്റുകള്, ആർക്കൈവിസ്റ്റുകള്, വിദ്യാർഥികള് , ഗവേഷകര് എന്നിവര് ഉൾപ്പെടെ എൺപതിലധികം പങ്കാളികള് ശിൽപശാലയില് പങ്കെടുത്തു. ഇൻടാക്ക് , അദ്ധ്യക്ഷന് മേജര്.(റിട്ട.) എല്.കെ ഗുപ്ത സ്വാഗതം ആശംസിച്ചു, അതേ തുടർന്ന് എംഇഎ . സെക്രട്ടറി (കിഴക്ക്) മിസ്. പ്രീതി സരന് , ഉദ്ഘാടന പ്രസംഗവും മിസ്. പൂജ കപൂര് , ജോയിന്റ് സെക്രട്ടറി (ആസിയാന് എംഎല്) കൃതജ്ഞതയും പറഞ്ഞു

ഇന്ത്യയിലെയും അസെം രാജ്യങ്ങളിലേയും പ്രഗത്ഭരായ പ്രഭാഷകര് സംരക്ഷണ സമ്പ്രദായങ്ങളിലെയും , സാങ്കേതിക വിദ്യകളിലെയും വിവിധ ഘടകങ്ങളിലെ അവരുടെ വൈദഗ്ദ്ധ്യം പങ്ക് വക്കുന്ന നിരവധി സാങ്കേതിക ചർച്ചകള് ശിൽപ്പശാലയില് ഉൾപ്പെടുത്തിയിരുന്നു ,

കലാ സംരക്ഷണത്തില് പുരോഗതി, , പരിശീലനം. സാംസ്കാരിക പൈതൃകത്തിനുള്ള ആധുനിക സാങ്കേതിക വിദ്യ , വിവിധതരം കലാരൂപങ്ങള് അവയുടെ സംരക്ഷണത്തിന് ഉപയോഗിയ്ക്കുന്ന ഉപകരണങ്ങള് , വസ്തുക്കള് എന്നിവ ഏറ്റെടുക്കല് തുടങ്ങിയവ ആയിരുന്നു പാനല് ചര്ച്ചയില് നടന്ന വിഷയങ്ങള് . ചര്ച്ചകളെ തുടർന്ന് , ഇൻടാക്ക് കൺസർവേഷന് ലബോറട്ടറി, ഇന്ദിര ഗാന്ധി നാഷണല് സെന്റർ ഫോര് ആർട്ട്സ് ആൻഡ് ഹുമയൂൺസ് ടൂംബ് വേൾഡ് ഹെറിറ്റേജ് സൈറ്റ് എന്നിവിടങ്ങളിലേക്ക് ഫീൽഡ് സന്ദർശനം നടത്തുകയുണ്ടായി

നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തെ കുറിച്ച് അറിവുകള് നേടുവാനും മനസിലാക്കുവാനുമുള്ള ആവശ്യത്തിനും അവ സംരക്ഷിക്കപ്പെടേണ്ടത് ഉറപ്പാക്കലും അതേക്കുറിച്ചുള്ള കൂടുതല് ബോധവത്ക്കരണവും ഏഷ്യയിലും യൂറോപ്പിലും വർധിച്ചു വരുന്നുണ്ട് . ഓരോ രാജ്യത്തിനും ചില നൈപുണ്യങ്ങള് ഉണ്ട്, അത് കൂടാതെ സംരക്ഷണത്തിന്റെ മേഖലയില് അവര് ചില സാങ്കേതിക രീതികളും സമ്പ്രദായങ്ങളും ഗവേഷണങ്ങള് കൊണ്ട് സൃഷ്ടിച്ചിട്ടുമുണ്ട്. അതിനു സ്വീകാരമുണ്ട് , അതിനാല്, അസെം നൽകുന്ന ബഹുമുഖ ചട്ടക്കൂടിനുള്ളില് രാജ്യങ്ങൾക്കിടയില് സഹകരണത്തിനുള്ള വലിയ സാധ്യത ഉണ്ടെന്നതും വസ്തുതയാണ്

രണ്ടു ദിവസത്തെ സാങ്കേതിക ചർച്ചകള്, സ്മാരകങ്ങളുടെ സംരക്ഷണത്തിനു ഉപയോഗിയ്ക്കുന്ന വിദ്യകള്, ഉപകരണങ്ങള് എന്നിവയുടെ മേഖലയിലെ കൂടുതല് ആവശ്യകതയെ കുറിച്ചും അതിന്റെ ശക്തികളെ കുറിച്ചും ആയിരുന്നു. സ്മാരകങ്ങളുടെ സംരക്ഷണത്തിനുള്ള ഇന്ത്യയിലെ തുടക്കം പതുക്കെ ആയിരുന്നു പക്ഷേ ഇപ്പോള് അത് മറ്റ് രാജ്യങ്ങൾക്കൊപ്പമെത്തുവാന് പാകത്തിന് പുരോഗതി കൈവരിച്ചിട്ടുണ്ട്. ആഗോളവത്ക്കരണവും ഇന്റർനെറ്റ് യുഗത്തിലെ ത്വരിതവും എളുപ്പവുമായ വിനിമയങ്ങളും വസ്തുക്കളുടെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും കൈമാറല് വളരെ എളുപ്പമുള്ളതും വേഗതയുള്ളതുമാക്കി മാറ്റിയിട്ടുണ്ട്

സ്മാരകങ്ങള്, കരകൌശല വസ്തുക്കള് എന്നിവയുടെ സംരക്ഷണ പ്രക്രിയകളില് വളരെ വ്യത്യസ്തമായ രീതികളിലും സാങ്കേതികവിദ്യകളും വേണ്ടി വരുന്നതിനാല് ഇതിനായി അസെം രാജ്യങ്ങളെ ഒരു പൊതു വേദിയില് ഒരുമിച്ച് കൊണ്ടുവരാനും ചർച്ചകൾക്ക് സംഭാവന ചെയ്യാന് സാധിയ്ക്കും

ന്യൂഡെൽഹി
ഫെബ്രുവരി 07, 2017